# അന്വേഷണത്തിൽനിന്ന് ഒഴിഞ്ഞുമാറുന്നതെന്തിന്?

**ഭീകരവിധ്വംസന** പ്രവർത്തനങ്ങളിലേർപ്പെട്ട് നിരപരാധികളെ ക്രൂരമായി കൊന്നൊടുക്കുകയും രാജ്യം അരക്ഷിതമാക്കുകയും ചെയ്യുന്നവർ ആരായിരുന്നാലും പിടികൂടി നിർദാക്ഷിണ്യം ശിക്ഷിക്കണമെന്ന കാര്യത്തിൽ മുസ്‌ലിംകൾക്ക് ഉറച്ച നിലപാടാണുള്ളത്. സമുദായ സംഘടനകളും നേതാക്കളും അക്കാര്യം എത്രയോ തവണ അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുള്ളതാണ്. തീവ്രവാദവും ഭീകരപ്രവർത്തനവും നിർമാർജനം ചെയ്യാനുള്ള നടപടികളുമായി അവർ കലവറയില്ലാതെ സഹകരിച്ചുവരുന്നുമുണ്ട്. ഖേദകരമെന്നു പറയട്ടെ, സമുദായത്തിന്റെ ഈ പൊതുനിലപാടിനെ അവഹേളിക്കുന്ന സമീപനമാണ് മറ്റു പല വിഭാഗങ്ങളിൽനിന്നും നേരിടേണ്ടിവരുന്നത്.

ഇസ്‌ലാമിനെ ഭീകരതയുടെ മതമായും മുസ്‌ലിം സമുദായത്തെ ഭീകരസമുദായമായും പ്രചണ്ഡമായി പ്രചരിപ്പിക്കുന്ന മാധ്യമ സമീപനമാണ് അതിലൊന്ന്. ദേശീയതലത്തിലും അന്തർദേശീയതലത്തിലുമുള്ള മുസ്‌ലിംവിരുദ്ധ ശക്തികളുടെ ഒളിയജണ്ടയാണ് നമ്മുടെ മാധ്യമങ്ങൾ അറിഞ്ഞോ അറിയാതെയോ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മാധ്യമ സ്വാതന്ത്ര്യത്തിന്റെ മറവിൽ നടത്തപ്പെടുന്ന ഈ കുതിരകയറ്റം സഹിക്കാൻ മുസ്‌ലിംകൾ നിർബന്ധിതരായിരിക്കുകയാണ്. ഇതുവരെ അനൗദ്യോഗിക തലങ്ങളിലൂടെ പുരോഗമിച്ചുകൊണ്ടിരുന്ന ഇസ്‌ലാംവിരുദ്ധ പ്രചാരണം ഇപ്പോഴിതാ സർക്കാർ ഏജൻസികളും ഏറ്റെടുത്തിരിക്കുന്നു. ഇക്കഴിഞ്ഞ ഒക്ടോബർ രണ്ടാം പകുതിയിൽ രാജസ്ഥാൻ ഗവൺമെന്റിന്റെ കീഴിലുള്ള പോലീസ് അക്കാദമി സംഘടിപ്പിച്ച ഒരു വർക്ഷോപ്പ് അതിന്റെ വ്യക്തമായ ഉദാഹരണമാണ്. 'ഇസ്‌ലാമിക തീവ്രവാദം' എന്നായിരുന്നു വർക്ഷോപ്പിന്റെ ശീർഷകം. സംസ്ഥാനത്തെ 88 ഉയർന്ന പോലീസ് ഓഫീസർമാർ പങ്കെടുത്ത ഈ വർക്ഷോപ്പിൽ ഇതര സംസ്ഥാനങ്ങളിലെ പോലീസ് സേനയിൽനിന്നും രഹസ്യാന്വേഷണ വിഭാഗങ്ങളിൽനിന്നുമുള്ള ഉന്നതന്മാരും സന്നിഹിതരായി, ഇസ്‌ലാമിക ഭീകരതയെക്കുറിച്ച് ക്ലാസ്സെടുക്കുകയും പ്രതിരോധ പരിശീലനം നൽകുകയും ചെയ്തുവെന്നാണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്തത്.

ഭീകരത ഇസ്‌ലാമിന്റെ ഭാഗമാണെന്നും മുസ്‌ലിംകളെല്ലാം ഭീകരരാണെന്നുമുള്ള കുപ്രചാരണം സർക്കാർ ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്നു എന്ന സന്ദേശമാണ് വർക്ക്ഷോപ്പിന്റെ ശീർഷകം ജനങ്ങൾക്ക് നൽകുന്നത്. ഈ സന്ദേശത്തിലടങ്ങിയ ഗുരുതരമായ അബദ്ധത്തെയും ആപത്തിനെയും കുറിച്ച് ഉത്തരവാദപ്പെട്ടവർ അരനിമിഷം ആലോചിക്കേണ്ടതുണ്ട്. ഇന്ത്യയുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയെ വധിച്ചതാരാണ്? മുൻ പ്രധാനമന്ത്രിമാരായ ഇന്ദിരാഗാന്ധിയെയും പുത്രൻ രാജീവ് ഗാന്ധിയെയും വധിച്ചത് മുസ്‌ലിംകളായിരുന്നോ? ആന്ധ്രയിലും മധ്യപ്രദേശിലും ഒറീസയിലും ബീഹാറിലും വിധ്വംസന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നതാരാണ്? മഹാരാഷ്ട്രയിലെ മാലേഗാവിലും ഗുജറാത്തിലെ മൊഡാസയിലുമുണ്ടായ സ്ഫോടനങ്ങളുടെ പേരിൽ പിടികൂടപ്പെട്ടവർ ഏതു മതക്കാരാണ്? ആസ്സാം, നാഗാലാന്റ്, മണിപ്പൂർ, ത്രിപുര, മേഘാലയ, അരുണാചൽ, മിസോറാം, സിക്കിം എന്നീ എട്ട് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും തീവ്രവാദ പ്രവർത്തനം നടക്കുന്നതായി ഗവൺമെന്റു തന്നെ പറയുന്നു. ഈ സംസ്ഥാനങ്ങളിൽ മൊത്തം 1330 ആക്രമണങ്ങളാണ് 2007-ൽ നടന്നത്. 2008-ൽ ഇതുവരെ ആസാം, നാഗാലാന്റ്, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിൽ മാത്രം 991 തീവ്രവാദി ആക്രമണങ്ങൾ അരങ്ങേറിയിരിക്കുന്നു. മണിപ്പൂർ മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിക്കടുത്തുണ്ടായ ബോംബ്സ്ഫോടനത്തിൽ പത്തോളമാളുകളാണ് ദാരുണമായി കൊല്ലപ്പെട്ടത്. ഗുവാഹത്തിയിലും ആസാമിലെ മൂന്ന് ജില്ലകളിലും കഴിഞ്ഞ ദിവസങ്ങളിലുണ്ടായ ശക്തമായ സ്ഫോടന പരമ്പരകളിൽ മരണം 50 കവിഞ്ഞിരിക്കുന്നു. വടക്കു കിഴക്കൻ പ്രദേശങ്ങളിൽ ചില ഗ്രാമങ്ങൾ തുടച്ചുനീക്കപ്പെടുന്നു, കമ്പനികൾ തകർക്കപ്പെടുന്നു. എണ്ണക്കിണറുകൾ അഗ്നിക്കിരയാകുന്നു. റയിൽപാളങ്ങൾ ഇളക്കി മാറ്റപ്പെടുന്നു. ഇതൊന്നും പക്ഷേ ഏതെങ്കിലും മതസമൂഹത്തിന്റെ തീവ്രവാദ-ഭീകര പ്രവർത്തനങ്ങളായി കൊട്ടിഘോഷിക്കപ്പെടുന്നില്ല.

ഭീകരതാവിരുദ്ധ നടപടികളുടെ പേരിൽ പോലീസുകാർ മുസ്‌ലിം യുവാക്കളെ അന്യായമായി പിടികൂടി ക്രൂരമായി പീഡിപ്പിക്കുന്നതാണ് മുസ്‌ലിം സമുദായത്തിൽ വേദനയും പ്രതിഷേധവുമുളവാക്കിയിട്ടുള്ള മറ്റൊരു സമീപനം. ദൽഹിയിലെ ബട്‌ലാ ഹൗസ് സംഭവം ഇതിന്റെ മികച്ച ഉദാഹരണമാണ്. ബട്‌ലാ ഹൗസിലെ ഒരു ഫ്ളാറ്റിൽ പോലീസുകാർ ഇരച്ചുകയറി ചില കോളേജ് വിദ്യാർഥികളെ വെടിവെച്ചു കൊല്ലുകയും ചിലരെ പിടിച്ചുകൊണ്ടുപോവുകയുമായിരുന്നുവെന്ന് തദ്ദേശവാസികൾ പറയുന്നു. പോലീസ് പറയുന്ന ഏറ്റുമുട്ടൽ കഥ വ്യാജമാണെന്ന സംശയം ഈ വിദ്യാർഥികൾ പഠിക്കുന്ന ജാമിഅ മില്ലിയ്യയുടെ വൈസ്ചാൻസലറും അധ്യാപകരും സ്ഥലം സന്ദർശിച്ച പൗരാവകാശ പ്രവർത്തകരും മനുഷ്യാവകാശ സംഘടനകളും ന്യൂനപക്ഷ കമീഷൻ അംഗങ്ങളും എന്തിനേറെ ചില കോൺഗ്രസ് നേതാക്കൾ വരെ ഉയർത്തുന്നുണ്ട്. ബട്‌ലാ ഹൗസ് സംഭവത്തെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം എല്ലാവരും ആവശ്യപ്പെടുന്നു.

പോലീസ് അവരുടെ ഏറ്റുമുട്ടൽ കഥയിൽ ഉറച്ചുനിൽക്കുകയാണ്. പക്ഷേ, ആ കഥ ഉയർത്തുന്ന ചോദ്യങ്ങൾക്കൊന്നും മറുപടി നൽകാൻ അവർ തയാറല്ല. ചോദ്യങ്ങളൊന്നും വേണ്ട, ഞങ്ങൾ പറയുന്നതങ്ങ് വിശ്വസിച്ചുകൊള്ളണം എന്നാണവരുടെ നിലപാട്. അന്വേഷണം നടത്തുന്നത് പോലീസ് സേനയുടെ മനോവീര്യം കെടുത്തുമെന്നാണ് സർക്കാർ പറയുന്നത്. പോലീസ് നടപടിയിൽ കുഴപ്പമൊന്നുമില്ലെങ്കിൽ അന്വേഷണത്തിലൂടെ അത് സ്ഥിരപ്പെടുന്നത് അവരുടെ മനോധൈര്യം വർധിപ്പിക്കുകയല്ലേ ചെയ്യുക? അന്വേഷണത്തെ നിരാകരിക്കുന്നതിനർഥം നിരപരാധികളെ യഥേഷ്ടം തല്ലാനും കൊല്ലാനും പോലീസിനധികാരമുണ്ടെന്നല്ലേ? അത് അന്യായമാണ്, ഭരണഘടനാവിരുദ്ധമാണ്, ജനാധിപത്യ വിരുദ്ധമാണ്. എത്രയും വേഗം അവസാനിപ്പിക്കേണ്ടതാണ്. സംശയാസ്പദമായ നടപടികളുണ്ടാകുമ്പോൾ നിഷ്പക്ഷമായ അന്വേഷണത്തിലൂടെ യാഥാർഥ്യം പുറത്തുകൊണ്ടുവരികയാണ് അതിനുള്ള മാർഗം. ഭീകരതയെ ഭീകരതകൊണ്ട് നിർമാർജനം ചെയ്യാനാവില്ല എന്നെങ്കിലും ഓർക്കുക. ■